**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2071** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആർമർ യൂണിറ്റിന്റെ അംഗബലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പോലീസിന്റെ തോക്കുകൾ പരിപാലിക്കുന്ന ആർമർ യൂണിറ്റിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള പോലീസിന്റെ പക്കലുള്ള തോക്കുകളുടെയും വെടിയുണ്ടകളുടെയും മറ്റ് വെടിക്കോപ്പുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പരിശോധന സമയബന്ധിതമായി നടത്തുകയും തകരാറുകൾ കണ്ടെത്തുന്ന പക്ഷം പരിഹരിക്കുകയും ആയുധങ്ങൾ കൃത്യമായ ഇടവേളകളിൽ ലൂബ്രിക്കേഷൻ നടത്തുകയുമാണ് ആർമർ യൂണിറ്റിന്റെ പ്രധാന ചുമതലകൾ. |
| (ബി) | തൃശ്ശൂർ പോലീസ് അക്കാദമിയിൽ ആയുധ പരിപാലനത്തിനായി ആർമർ യൂണിറ്റിൽ നിന്നുള്ള എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവരുടെ ചുമതലകൾ എന്തൊക്കെയാണെന്നും എത്ര തോക്കുകളുടെ പരിപാലനവും അറ്റകുറ്റപ്പണിയും ഇവർ നിർവഹിക്കേണ്ടതായിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (ബി) | തൃശ്ശൂർ പോലീസ് അക്കാദമിയിൽ ആയുധ പരിപാലനത്തിനായി ഒരു ആർമറർ ഹെഡ്കോൺസ്റ്റബിളിനെ നിയോഗിച്ചിട്ടുണ്ട്.പോലീസിന്റെ ആയുധങ്ങൾ സംബന്ധിച്ച വിവരങ്ങൾ രഹസ്യ സ്വഭാവത്തിലുള്ളതാണ്. |
| (സി) | ആർമർ യൂണിറ്റിൽ മതിയായ അംഗബലം ഇല്ലാത്തതിനാൽ തോക്കുകളുടെ പരിശോധന, പരിപാലനം, ഫയറിങ് പരിശീലനം, സ്റ്റേഷനുകളിലെയും ബറ്റാലിയനുകളിലെയും ആയുധ പരിശോധനകൾ തുടങ്ങിയവ കാര്യക്ഷമമായി നിർവഹിക്കാൻ കഴിയാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കാര്യക്ഷമമായി നിർവഹിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. |
| (ഡി) | ആർമർ യൂണിറ്റിന്റെ അംഗബലം വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആർമർ വിഭാഗത്തിൽ അംഗബലം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ